**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 982 — 30.06.2015 ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.മുരളീധരൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര തുകയാണ് ധനസഹായമായി നൽകി വരുന്നത് എന്ന് വിശദമാക്കുമോ | (എ) | ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധന സഹായമായി 3 ലക്ഷം രൂപ നല്കി വരുന്നു. 4 ഗഡുക്കളായാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നത്.<br>ഒന്നാം ഗഡു 15% - 45,000/-,<br>രണ്ടാം ഗഡു 30% - 90.000/-<br>മൂന്നാം ഗഡു 40% - 1,20,000/-<br>നാലാം ഗഡു - 15% -45,000/-<br>ധനസഹായത്തിന്റെ ഒന്നാം ഗഡു അഡ്വാൻസായിട്ടാണ് വിതരണം ചെയ്യുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി നൽകിയിരുന്നത്. |
| (സി) | ഇപ്പോൾ നൽകുന്ന തുക ഗൃഹനിർമ്മാണത്തിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (സി) | ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ